# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3508

12/05/2017 -ൽ മറുപടിയ്ക്ക്.

**<u>ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ അടിസ്ഥാനത്തിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ അടിസ്ഥാനത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br>2016 മാർച്ച് മാസത്തിൽ സംസ്ഥാനത്തെ ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം 16.24 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നിടത്ത് 2017 ജനുവരി മാസത്തിൽ സംസ്ഥാനത്തെ ക്ഷീര സംഘങ്ങൾ മുഖേന പ്രതിദിനം 16.68 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. പ്രതിദിനം ഏകദേശം 44000 ലിറ്റർ പാൽ സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ